# ചെങ്കൊടി

രക്തച്ചുവപ്പുമായ് വീറോടുയർത്തിയ
ചെങ്കൊടിയെന്തേ നരച്ചു പോയിങ്ങനെ!

ചക്രവാളങ്ങളെയെത്രയോ ചോപ്പിച്ച
വിപ്ലവംവെറുമിങ്ക്-ലാബിലൊതുക്കിയോ!

അവനവന്നല്ലാതെ അന്യർക്കുവേണ്ടി
തൻനിണമെത്ര ചൊരിഞ്ഞവരാണു നാം!

ആത്മത്യാഗത്തിൻറെ കീർത്തരാം നിസ്വർക്കു
പിമ്പേ നടന്നു നാം ധന്യരായിന്നലെ!

ആത്മസൗഖ്യത്തിൻറെ ആർത്തിപെരുത്തവ-
രെങ്ങനെയായിന്നു യോഗ്യരാം നായകർ!

ഏതുപുതുകാലയമ്ലതയേറ്റെൻറെ
ചെങ്കൊടിക്കിന്നു നിറം കെട്ടതിവ്വിധം!

Downloaded from www.abdulgafoor.com